പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പ്രധാനമായും മാറ്റുരയ്ക്കാൻ പോകുന്നത് പ്രാദേശിക പ്രശ്നങ്ങളാണ്. ജനങ്ങൾ അവരെ ബാധിക്കുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഒരു അജണ്ട തിരഞ്ഞെടുപ്പിൽ മുന്നോട്ട് വയ്ക്കുകയാണെങ്കിൽ മുൻഗണനകൾ എന്തെല്ലാമായിരിക്കണമെന്ന് **എസ് .ഉഷ** സംസാരിക്കുന്നു.

# ആരോഗ്യമുള്ള ജനതയിലൂടെ ആരോഗ്യമുള്ള ജനാധിപത്യം

ഇന്ന് കേരളം നേരിടുന്ന വലിയ പ്രതിസന്ധി ഭക്ഷ്യസുരക്ഷയാണ്. പ്രദേശികമായി ഓരോ പഞ്ചായത്തുകളിലും നാം മുന്നോട്ട് വയ്ക്കേണ്ട പ്രധാന അജണ്ട ഭക്ഷ്യസുരക്ഷതന്നെയാകണം. സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ കേരളം ഒരു പാട് മുന്നോട്ട് പോയിട്ടുണ്ടെങ്കിലും ജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെ കാര്യത്തിൽ നാം അനുദിനം പിന്നോട്ട് പോവുകയാണ്. ആരോഗ്യമില്ലാത്ത ജനത കാര്യങ്ങൾ തീരുമാനിക്കാൻ കഴിയാത്ത ജനതയായി ത്തീരും. അത് ജനാധിപത്യത്തെ ദുർബലമാക്കും. ആരോഗ്യം നഷ്ടപ്പെട്ടുപോകുന്നതിൽ പ്രധാനപങ്ക് ഭക്ഷണത്തിനാണ്.

സംസ്കാരത്തിനുണ്ടായിരിക്കുന്ന മാറ്റവും അതിനെ സ്വാധീനിക്കുന്നുണ്ട് പഞ്ചായത്ത് തലത്തിൽ ആരോഗ്യരംഗത്ത് നടക്കുന്ന ഏക പ്രവർത്തനം അലോപ്പതിയുടെ സഹായത്തോടെ രോഗം ശമിപ്പിക്കുക എന്നത് മാത്രമാണ്. ജനങ്ങളും ആവശ്യപ്പെടുന്നത് മരുന്ന് മാത്രമാണ്. എന്നാൽ നമ്മുടെ സാമൂഹിക ആരോഗ്യം ഏതെല്ലാം തരത്തിൽ മെച്ചപ്പെടുത്താം എന്നതിനെക്കുറിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ചിന്തയില്ല. ജൈവവൈവിധ്യം സംരക്ഷിച്ചുകൊണ്ട് ശുദ്ധവായും, ശുദ്ധജലം തുടങ്ങിയ ആരോഗ്യം നിലനിർത്താനുള്ള അടിസ്ഥാന കാര്യങ്ങൾ ജനങ്ങൾക്ക് നൽകുക എന്നത് രാഷ്ട്രീയ പാർട്ടികളുടെ അജണ്ടയായി ഇനിയും വന്നിട്ടില്ല. കേരളത്തിന്റെ ആരോഗ്യ രംഗത്തെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അത് ഈ തിരഞ്ഞെടുപ്പിൽ ഉറപ്പായും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

മാർക്കറ്റിൽ വിലക്കുറച്ച് ഭക്ഷണസാധനങ്ങൾ കിട്ടണമെന്ന് മാത്രമാണ് ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള ജനങ്ങളുടെ ചിന്ത. നമ്മുടെ ഭക്ഷ്യോത്പാദനം അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ അപകടത്തെക്കുറിച്ചോ കീടനാശിനികളുടെ മാരകമായ ഉപയോഗം കാരണം ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ ഇല്ലാതാകുന്നതിനെക്കുറിച്ചോ ജനങ്ങൾ ചിന്തിക്കുന്നില്ല. ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള അടിസ്ഥാന അറിവുകൾ ജനങ്ങൾക്ക് നൽകുക എന്നതും തിരഞ്ഞെടുപ്പിൽ വിഷയമാകണം.സംസ്ഥാനതലത്തിലുള്ള ഒരു ക്യാമ്പയിനായി ചെയ്യുന്നതിനേക്കാൾ ഫലപ്രദം പഞ്ചായത്ത് തലത്തിൽ നടത്തുന്നതാണ്. പഞ്ചായത്ത് ജനങ്ങളോടൊപ്പം നിന്നാൽ ഭക്ഷ്യസുരക്ഷ നടപ്പിലാക്കാൻ കഴിയും. കേരളീയ സമൂഹം കൂടുതൽ നിഷ്ക്രിയമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ജനകീയ കൂട്ടായ്മകളും ഗ്രാമങ്ങളിൽ നിന്നും അന്യമാകുന്നു. ഇതു കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പിന് മുന്നോടിയായി രാഷ്ട്രീയ കക്ഷി


കളെയും ജനങ്ങളെയും ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്താൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ ശ്രമിക്കണം. പഞ്ചായത്തും ഉദ്യോഗസ്ഥരും ജനങ്ങളും ഒരുമിച്ച് നിന്ന പല സ്ഥലങ്ങളിലും കാർഷിക രംഗത്ത് മുന്നേറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നെൽവയൽ നീർത്തടസംരക്ഷണ നിയമം ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്നതും ജനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

ഇത്തരം നിയമങ്ങൾ ബഹുമാനിക്കാത്ത ഡവലപർമാരാണ് വയൽ നികത്താനുള്ള പദ്ധതികളുമായി മിക്കപ്പോഴും എത്താറുള്ളത്. അത്തരമാളുകളെ പ്രതിരോധിക്കാനുള്ള ഇച്ഛാശക്തി പഞ്ചായത്തിനും ജനങ്ങൾക്കുമുണ്ടാകണം. ഭക്ഷ്യസുരക്ഷയുമായി ബന്ധമുള്ള നിയമമായതുകൊണ്ടുതന്നെ അതിനെ ജനകീയമായി ശക്തിപ്പെടുത്തുക എന്നതും തിരഞ്ഞെടുപ്പിൽ ചർച്ചാ വിഷയമാകണം.

### മാലിന്യസംസ്കരണം

മാലിന്യ സംസ്കരണമാണ് തിരഞ്ഞെടുപ്പിൽ ചർച്ചയാകേണ്ട അടുത്ത പ്രധാന വിഷയം. മാലിന്യ സംസ്കരണത്തിൽ ജനങ്ങൾക്കും ഉത്തരവാദിത്തമുണ്ടെന്നുള്ള ചിന്ത നമുക്കില്ല. മാലിന്യം സൃഷ്ടിക്കാൻ മാത്രമറിയാവുന്ന ഒരു ജനതയായി നാം മാറിയിരിക്കുന്നു. നമ്മുടെ ആഘോഷങ്ങളെല്ലാം മാലിന്യങ്ങളുടെ നിക്ഷേപം കൂട്ടുന്നവയായിത്തീർന്നു. ഇതെല്ലാം സംസ്കരിക്കേണ്ടത് സർക്കാരിന്റെ കടമയാണെന്ന ധാരണയാണ് ജനങ്ങൾക്കുള്ളത്. എന്നാൽ കേന്ദ്രീകൃതമായി മാലിന്യം സംസ്കരിക്കുന്ന സ്ഥലങ്ങളിൽ നിന്നെല്ലാം പരാതികൾ മാത്രമാണ് നാമിന്ന് കേൾക്കുന്നത്. മാലിന്യം കുറയ്ക്കുന്ന തരത്തിലുള്ള ഒരു ജീവിതശൈലി രൂപപ്പെടുത്തുകയാണ് പ്രധാനം. നിയമങ്ങളിലും മാറ്റം വരുത്തേണ്ടതുണ്ട്.

കേരളം ആളുകൾ തിങ്ങിപാർക്കുന്ന സ്ഥലമായതുകൊണ്ടാണ് മാലിന്യനിക്ഷേപം ഇവിടെ പ്രശ്നമായി മാറുന്നത്. ലാലൂരിന്റെയും ഞെളിയൻപറമ്പിന്റെയുമെല്ലാം അടിസ്ഥാന പ്രശ്നം അതാണ്. എന്നാൽ അതിനെക്കാളുപരി മാലിന്യ നിക്ഷേപം എങ്ങിനെ കുറയ്ക്കാം എന്നത് തിരഞ്ഞെടുപ്പിൽ



**മാർക്കറ്റിൽ വിലക്കുറച്ച് ഭക്ഷണ സാധനങ്ങൾ കിട്ടണമെന്ന് മാത്രമാണ് ഭക്ഷസംരക്ഷയെക്കുറിച്ചുള്ള ജനങ്ങളുടെ ചിന്ത. നമ്മുടെ ഭക്ഷോത്പാദനം അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ അപകടത്തെക്കുറിച്ചോ കീടനാശിനികളുടെ മാരകമായ ഉപയോഗം കാരണം ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ ഇല്ലാതാകുന്നതിനെക്കുറിച്ചും ജനങ്ങൾ ചിന്തിക്കുന്നില്ല. ഭക്ഷസുരക്ഷയെക്കുറിച്ചുള്ള അടിസ്ഥാന അറിവുകൾ ജനങ്ങൾക്ക് നൽകുക എന്നതും തിരഞ്ഞെടുപ്പിൽ വിഷയമാകണം.**

ചർച്ചയാകണം.

### സ്വർണ്ണം

സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നമാണ് സ്വർണ്ണത്തിന്റെത്. ഫിലിപ്പൈൻസും ഇൻഡോനേഷ്യയും പോലെയുള്ള രാജ്യങ്ങളിൽ സ്വർണ്ണഖനികളുണ്ടാക്കുന്ന പാരിസ്ഥിതിക ദുരന്തം വളരെ വലുതാണ്. കേരളീയന്റെ സ്വർണ്ണ ഉപഭോഗം കൂടുന്നതുകൊണ്ട് ഇന്ത്യക്ക് പുറത്തുള്ള പല നാടുകളും ജനതയും പ്രശ്നങ്ങളനുഭവിക്കുന്നുണ്ടെന്ന കാര്യം നമ്മൾ തിരിച്ചറിയണം. 2 പവൻ മോതിരമുണ്ടാക്കുമ്പോൾ 20 ടൺ മാരകമായ മാലിന്യങ്ങളാണുണ്ടാകുന്നത്. ആവശ്യമില്ലാത്ത ആർഭാടത്തിനായി വലിയ പാരിസ്ഥിതിക ദുരന്തമാണ് ഉണ്ടാക്കുന്നത്. കൂടാതെ സ്വർണ്ണമുണ്ടാക്കുന്ന സാമൂഹിക പ്രശ്നങ്ങൾ വേറെയും. ഇത്രയുമധികം സ്വർണ്ണം ഉപയോഗിക്കുന്നത് തെറ്റാണെന്ന തോന്നൽ സമൂഹത്തിൽ സൃഷ്ടിക്കപ്പെടണം. പ്രാദേശിക തലത്തിൽ ബോധവത്കരണം നടത്തണം.

### വിദ്യാഭ്യാസരംഗം

കേരളത്തിന്റെ പ്രശ്നങ്ങൾക്ക് ഐ.ടിയാണ് പരിഹാരം എന്നതരത്തിലാണ് ഇപ്പോൾ അവതരിപ്പിക്കപ്പെടുന്നത്. എന്നാൽ ഇന്ത്യയിൽ ആകെ 7 ലക്ഷത്തോളം ആളുകൾ മാത്രമാണ് ഐ.ടി. രംഗത്ത് ജോലി ചെയ്യുന്നത്. സമൂഹത്തെ നിലനിർത്തുന്ന ഒരു തൊഴിലല്ല ഐ.ടി. എല്ലാവരും ഐ.ടി.യിലേക്ക് തിരിഞ്ഞാൽ ഉത്പാദന മേഖലയെ അത് ബാധിക്കും. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മ കൂടിയാണത്. സമൂഹത്തിനാവശ്യമായ തൊഴിലുകളിലേക്ക് വിദ്യാർത്ഥികളെ തിരിച്ചുവിടാൻ വിദ്യാഭ്യാസത്തിന് കഴിയുന്നില്ല. സമൂഹത്തെ നിലനിർത്തുന്ന തരത്തിലുള്ള വിദ്യാഭ്യാസം നൽകാനുള്ള ശ്രമം തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുണ്ടാകണം. അതും തിരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെടണം.

### മതസൗഹാർദ്ദം

കേരളത്തിന്റെ മത സൗഹാർദ്ദം തകർക്കപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. മരങ്ങളെപ്പോലും മതത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നു. ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളിൽ കൊന്നമരം നടാൻ പോയ വിദ്യാർത്ഥികളെ പറഞ്ഞ് മാനേജ്മെന്റ് വിലക്കിയ സംഭവം അടുത്തിടെയുണ്ടായി. മതത്തിന്റെ പേരിലുള്ള വർഗീകരണം എല്ലാ തലത്തിലേക്കും വ്യാപിക്കുന്നതിന്റെ സൂചനയാണിത്. മാധ്യമങ്ങളും മത പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നുണ്ട്. മത സൗഹാർദ്ദം വളർത്താനുള്ള ശ്രമങ്ങൾ പ്രാദേശിക തലത്തിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആരംഭിക്കേണ്ടതുണ്ട്. അതിനുള്ള ചർച്ചകളും തിരഞ്ഞെടുപ്പിൽ ഉയർന്നു വരണം.

*തണൽ, ജവഹർനഗർ,*
*കവടിയാർ, തിരുവനന്തപുരം*